പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3532</u> <u>10.4.2013 ന് മറുപടിയ്ക്ക്</u>

## ബുക്ക് മാർക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.പി.എ.മാധവൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.കെ.സി.ജോസഫ്<br>ബഹു.ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
| (എ) ബുക്ക് മാർക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) ബഹുജനസമ്പർക്ക പരിപാടികളിലൂടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് എല്ലാ ജില്ലകളിലും പ്രാദേശിക പ്രതിമാസ പുസ്തകമേളകൾക്കും സാംസ്കാരിക പരിപാടികൾക്കും തുടക്കമിട്ടിട്ടുണ്ട്. ആലപ്പുഴ,തൊടുപുഴ എന്നിവിടങ്ങളിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു. കാസർകോഡ് ജില്ലയിൽ ഉടനെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നതാണ്. സഞ്ചരിക്കുന്ന പുസ്തകശാലകൾ ഇപ്പോൾ മൂന്നെണ്ണമുള്ളത് ആറാക്കി വർദ്ധിപ്പിക്കുന്നതിന് പ്രാരംഭനടപടികളാരംഭിച്ചു. ബുക്ക്മാർക്കിന് നിലവിൽ 14 ബ്രാഞ്ചുകളും മൂന്ന് മൊബൈൽ യൂണിറ്റുകളുമുണ്ട്. അവയൊക്കെ പ്രാദേശിക സാംസ്കാരിക കേന്ദ്രങ്ങളാക്കാൻ ശ്രമം ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം തരം പുസ്തകങ്ങളാണ് ഇതുവഴി വിറ്റഴിക്കുന്നത്;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) സർക്കാരിന്റെ സാംസ്കാരിക സ്ഥാപനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥങ്ങളും വ്യക്തികളും സ്വകാര്യ പ്രസാധകരും പ്രസിദ്ധപ്പെടുത്തുന്ന നല്ല ഗ്രന്ഥങ്ങളും തെരഞ്ഞെടുത്ത് വിതരണം ചെയ്യാറുണ്ട്. |
| (സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും ആവശ്യമുള്ള പുസ്തകങ്ങൾ ഇതുവഴി വാങ്ങുവാൻ ആലോചിക്കുമോ; | (സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഗ്രന്ഥങ്ങൾ വാങ്ങേണ്ടത് ബുക്ക്മാർക്ക് വഴിയാവണം എന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതേ മാതൃകയിൽ വിദ്യാലയങ്ങളും പാഠ്യേതരഗ്രന്ഥങ്ങൾ വാങ്ങുന്നത് ബുക്ക്മാർക്കുവഴിയാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | |
|---|---|---|
| ഡി) | ആയതിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും മറ്റും ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ.